(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി പി6/1634/17.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട് ജില്ല
Phone: 04952371012
Email:- dokkd.ksad@kerala.gov.in

തീയതി: 11-8-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചോറോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചോറോട് ഗ്രാമപഞ്ചായത്ത് -2016-17സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്

- സംബന്ധിച്ച്.

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി.പി6/1634/17 തിയ്യതി:11-8-2017

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-10-2016 മുതൽ 31-03-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജൻ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.06.2017 മുതൽ 17.06.2017 വരെ (ചെലവ്)<br>27-07-2017 മുതൽ 29-7-2017 വരെ (വരവ് ) | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| | സതീഷ് കുമാർ.കെ.കെ, ഓഡിറ്റ് ഓഫീസർ | (12-6-2017 മുതൽ 17-6-2017 വരെ ) |
| | രാജീവൻ.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ | 27-7-2017 മുതൽ 29-7-2017 വരെ |
| | അനൂപ്.കെ.വി, ഓഡിറ്റർ, | (27-7-2017 മുതൽ 29-7-2017 വരെ) |
| | ശ്രീജിത്ത്.കെ.വി, ഓഡിറ്റർ | (27-7-2017 മുതൽ 29-7-2017 വരെ) |
| | ഇല്യാസ്. ടി, ഓഡിറ്റർ | 12-6-2017 മുതൽ 17-6-2017 വരെ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | നളിനി.കെ.കെ | 01.04.2016 - 31.03.2017 |
| സെക്രട്ടറി | മുസ്തഫ എ.വി | 01.04.2016 - 31.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | വിദ്യാബാബു അശ്വതി | 01.04.2016 – 01.02.2016<br>01.02.2016 - 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ.രാജേഷ്<br>ഡോ.അബ്ദുൾ ജലീൽ | 01.04.2016 – 09.06.2016<br>09.06.2016 - 31.03.2017 |
| മെഡിക്കൽ ഓഫീസർ.പി.എച്ച്.സി. | ഡോ.പി.സുരേഷ്ബാബു. | 01.04.2016 - 31.03.2017 |
| അസി.എഞ്ചിനിയർ | സിമി ഭാസ്കർ | 01.04.2016 - 31.03.2017 |
| ഐ.സി.ഡി. എസ്. സൂപ്പർ വൈസർ | പുഷ്പലത.പി | 01.04.2016 - 31.03.2017 |
| ഫിഷറീസ് ഓഫീസർ | ഉണ്ണിക്കൃഷ്ണൻ | 01.04.2016- 04.08.2016 |
| | സന്ധ്യ | 04.08.2016 - 27.09.16 |
| | അനിൽ കുമാർ കെ ടി | 27.09.2016 – 31.03.2016 |
| ഹെഡ് മാസ്റ്റർ | ഗോപിനാഥൻ.കെ.ടി. | 01.04.2016 - 31.03.2017 |
| അസി.സെക്രട്ടറി | രാജശ്രീ.സി.എച്ച്. | 01.04.2016 - 25-7-2016 |
| | ഗോപിനാഥൻ.പി. | 6-2-17 മുതൽ 31.03.2017 |
| വി.ഇ.ഒ. | സുനീഷ്.ടി. | 01.04.2016 - 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതുഅവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയില്ല- പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടം. | 2-2 |
| 13 | ഡി ആൻറ് ഒ ലൈസൻസ്- അപാകതകൾ | 2-3 |
| 14 | തൊഴിൽ നികുതി- അപാകതകൾ | 2-4 |
| 15 | കെട്ടിട നിർമ്മാണ പെർമിറ്റ് – അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം | 2-5 |
| | ഭാഗം 3 | |
| 16 | ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല. | 3-1 |
| 17 | തെങ്ങ് കൃഷി വികസന പദ്ധതി- നിർവ്വഹണത്തിൽ അപാകത | 3-2 |
| 18 | തെരുവു നായ നിയന്ത്രണ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-3 |
| 19 | വെള്ളക്കരം അടച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല. | 3-4 |
| 20 | സ്ട്രീറ്റ് ലൈറ്റ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 3-5 |
| 21 | എസ്.എസ്.എ വിഹിതം കൈമാറിയതിലെ അപാകതകൾ | 3-6 |
| 22 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ പരിശോധന | 3-7 |
| 23 | പെയിൻ ആൻറ് പാലിയേറ്റീവ് പദ്ധതി – കൂടുതൽ മെച്ചപ്പെടുത്താൻ ശ്രദ്ധ അനിവാര്യം | 3-8 |
| 24 | എസ്.എൽ.ഐ. പ്രീമിയം ഈടാക്കിയതിൽ കുറവ് | 3-9 |
| 25 | തനത് ഫണ്ട് ചെലവ് – അപാകതകൾ | 3-10 |
| 26 | തുക മുൻകൂർ നൽകി: ഫർണിച്ചർ ലഭിച്ചില്ല | 3-11 |
| 27 | മരുന്നുകൾ ലഭ്യമായില്ല. | 3-12 |
| 28 | വാഹന ഉപയോഗം സംബന്ധിച്ച് | 3-13 |
| 29 | സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗ രേഖ പാലിച്ചില്ല. | 3-14 |
| 30 | പദ്ധതി അവലോകനം | 3-15 |
| | ഭാഗം -4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |

| | | |
|---|---|---|
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29.03.2017 തിയതിയിലെ 46(2)/2017നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 20.07.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 28.07.2017 | അനുബന്ധം 1 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 34652307

വരവ് - 72881729

ആകെ - 107534036

ചെലവ് - 6880162

നീക്കിയിരിപ്പ്- 38653874

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 15181940 | | 11894716 | 3287224 | 78.35 |
| വികസനഫണ്ട് എസ്.സി.പി. | | 1330569 | | 717537 | 613032 | 54 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | | 2876301 | | 2804368 | 71933 | 97.5 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 4180107 | | 1215798 | 2964303 | 29 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 7478537 | | 7005005 | 473532 | 94 |
| പെർഫോമൻസ് ഗ്രാന്റ് | | 480135 | | 2434292 | 2435843 | 50 |
| എം.എൻ.ആർ.ഇ.ജി.എസ്. | 3156 | 817567 | 820723 | 788272 | 32451 | 96 |
| ബി ഫണ്ട് | | 3000 | | 3000 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരംലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായിനടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ചവയുടെ % |
|---|---|---|---|---|
| 187 | 99 | 11 | 77 | 53% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം...................ശതമാനം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4561967 | 4971676 | + 409709 | + 9 |
| നികുതിയേതര വരവുകൾ | 25492337 | 539573 | -24952764 | -97 |
| മറ്റുവരവുകൾ | തനത് വരുമാനം. 320700 | 302989 | - 17711 | - 5.5 |
| ആകെ | 30054304 | 5511249 | | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 152520 | 113 |
| കർഷകതൊഴിലാളി പെൻഷൻ | 1533000 | 511 |
| വിധവാപെൻഷൻ | 3522000 | 1174 |
| വാർദ്ധക്യകാലപെൻഷൻ | 5437500 | 1674 |
| വികലാംഗപെൻഷൻ | 1167300 | 385 |
| സാധുക്കളായവിധവവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 450000 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.07.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 64095/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.4.17 | 2016-17 ഫെബ്രുവരി-മാർച്ച് | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.7.16 – 23.7.16 | 2011-12,2015-16 | NO LBA(1+Q) V1/8A 2476/93 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്ക്, ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളുമായി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.വാർഷികകണക്ക്പ്രകാരം വസ്തുനികുതി കുടിശ്ശിക കളക്ഷൻ 1052462/- രൂപയാണ് എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ വസ്തുനികുതിയുമായി ബന്ധപ്പെട്ട 'സഞ്ചയ' സംക്ഷിപ്തത്തിൽ ഇത് 1027639/- രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

2.ബജറ്റിൽ വിവിധ ഫണ്ടുകളുമായി ബന്ധപ്പെട്ട ഫങ്ഷൻ,ഫങ്ഷനറി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3.വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4.സാംഖ്യ സമ്പ്രദായത്തിൽ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് മുൻപുണ്ടായിരുന്ന ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.അസി.എഞ്ചിനിയർ ബില്ലിൽ നിന്ന് കുറവ് വരുത്തിയ വാറ്റ്,ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.ആസ്തി രജിസ്റ്റർ ഓഡിറ്റ് വർഷത്തെ ആസ്തികൾ കൂടി ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

7.വസ്തു നികുതി കുടിശ്ശിക രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8.സെക്രട്ടറി സ്റ്റോക്കിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. സ്റ്റോക്കിന്റെ മൂല്യം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2-2 വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കിയില്ല- പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടം.

ചോറോട് ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററുകൾ, മുൻകാല ഡിമാന്റ് രജിസ്റ്ററുകൾ, സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള റിപ്പോർട്ടുകൾ, വാർഷിക കണക്കുകൾ എന്നിവ പരിശോധനക്ക് വിധേയമാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിന് മുമ്പായി എഴുതി തയ്യാറാക്കിയിട്ടുള്ള 2011-12 വർഷത്തെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 10534

കെട്ടിടങ്ങൾ വസ്തുനികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്.2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ 1341 പുതിയകെട്ടിടങ്ങൾക്ക് നമ്പറനുവദിച്ച് നികുതി നിർണ്ണയിച്ചതായി ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ നിന്നും 11875 കെട്ടിടങ്ങൾക്ക് ഓഡിറ്റ് വർഷത്തിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണെന്ന് കാണാം.എന്നാൽ സഞ്ചയയിൽ ആകെ 10908 കെട്ടിടങ്ങളുടെ ബേസ്ഡാറ്റ മാത്രമെ രേഖപ്പെടുത്തിയതായി കാണുന്നുള്ളൂ. പൊളിച്ചു മാറ്റിയ കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഡിമാന്റിൽ നിന്നും ഒഴിവാക്കേണ്ട കെട്ടിടങ്ങളുടെ എണ്ണം സംബന്ധിച്ച് വ്യക്തത വരുത്താനായിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 8333 കെട്ടിടങ്ങളുടെ മാത്രം നികുതിയായ 6720924 രൂപ മാത്രമാണ് 2016-17 വർഷം ഡിമാന്റ് ചെയ്തത്. അപാകത മൂലം 3542 കെട്ടിടങ്ങൾ വസ്തുനികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

*സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവിധ ഡിജിറ്റൽ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന മറ്റ് അപാകതകളും ശ്രദ്ധയിൽപെട്ടിട്ടുണ്ട്.*

1.അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരം പഞ്ചായത്തിലെ 1,17,18,21 വാർഡുകളിലായി 40 അനധികൃത കെട്ടിടങ്ങളുണ്ട്.എന്നാൽ പ്രസ്തുത കെട്ടിടങ്ങൾ സഞ്ചയയിൽ ഡാറ്റാ എൻട്രി വരുത്തി നികുതി ഈടാക്കിയിട്ടില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1371 കെട്ടിടങ്ങൾ സെക്രട്ടറി ഡിജിറ്റൽ സൈൻ രേഖപ്പെടുത്തി അപ്രൂവ് ചെയ്തിട്ടില്ല.ഈ കാരണത്താൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി 2016-17 ൽ ഡിമാന്റ് ചെയ്യപ്പെട്ടില്ല.

3.സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഓഡിറ്റ് തീയതിയിൽ 1371 രശീതുകൾ മാപ്പിംഗ് പൂർത്തീകരിക്കുന്നതിന് കുടിശ്ശികയുള്ളതായി കാണുന്നു.ഇക്കാരണത്താൽ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി പിരിവ് തുകയുടെയും കുടിശ്ശിക തുകയുടെയും കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

4.ഡിമാന്റ് രജിസ്റ്ററിൽ 660 ച.അടിയിൽ താഴെ വിസ്തീർണ്ണമുള്ള മുഴുവൻ കെട്ടിടങ്ങൾക്കും ഡിമാന്റ് തുക 0 ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.സത്യവാങ്മൂലം ലഭ്യമാക്കാത്ത കെട്ടിട ഉടമകളുടെ ഡിമാന്റ് '0' ആയതെങ്ങനെ എന്ന് വിശദീകരിക്കേണ്ടതാണ്.

5.വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്നും 22.12.2011 തീയതിയിൽ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം പഞ്ചായത്തിൽ ഒന്നാം തരം റോഡുകളൊന്നും ഇല്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.കൂടാതെ വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ ,റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ എന്നീ കെട്ടിടങ്ങളെ 100 ച.മീ-ന് മുകളിലുള്ളവ,താഴെയുള്ളവ എന്നിങ്ങനെ വെവ്വേറെ വേർതിരിച്ച് നികുതി നിരക്കുകൾ നിശ്ചയിക്കാതെ 200 ച.അടി വിസ്തീർണ്ണം വരെയുള്ളവ എന്ന് വേർതിരിച്ച് വസ്തു നികുതി നിരക്ക് 50 രൂപയായി നിശ്ചയിക്കുകയാണുണ്ടായിട്ടുള്ളത്. എന്നാൽ സഞ്ചയയിൽ രേഖപ്പെടുത്തിയ റോഡ് മാസ്റ്റർ,നികുതി നിരക്കുകൾ മേൽ വിജ്ഞാപനത്തിൽ നിന്നും വ്യത്യസ്തമാണ്. സഞ്ചയയിൽ വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ ,റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ എന്നീ കെട്ടിടങ്ങളെ 100 ച.മീ-ന് മുകളിലുള്ളവ,താഴെയുള്ളവ എന്നിങ്ങനെ വെവ്വേറെ വേർതിരിച്ച് രണ്ടിനത്തിനും അടിസ്ഥാന നികുതി നിരക്ക് 50 രൂപ/ച.മീ രേഖപ്പെടുത്തിയിട്ടുണ്ട്.

വിജ്ഞാപനത്തിന് വിരുദ്ധമായി സഞ്ചയയിൽ രേഖപ്പെടുത്തലുകൾ വരുത്തി നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6. 2013-14 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി കുടിശ്ശികയിനത്തിൽ 384388 രൂപ പിരിച്ചെടുക്കാനുണ്ട്.2013-14 ന് മുമ്പുള്ള കുടിശ്ശിക സഞ്ചയയിൽ ജനറേറ്റ് ചെയ്തിട്ടില്ല.മേൽ കുടിശ്ശിക തുകകൾ കാലഹരണ സമയ പരിധി പിന്നിട്ടവയാണ്. മേൽ സാഹചര്യത്തിൽ വസ്തുനികുതി കാലഹരണപ്പെടുന്നത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം കണക്കാക്കി ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ്. അപാകതകൾ

ഓഡിറ്റ് കാലയളവിലെ ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകത താഴെ ചേർക്കുന്നു.

1) 1996 കേരള പഞ്ചായത്ത് രാജ് (ഡി & ഒ) ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. മേൽ സമയപരിധി കഴിഞ്ഞ് സമർപ്പിക്കുന്ന ചട്ടം 17 പ്രകാരമുള്ള അപേക്ഷകൾക്ക് ചട്ടം 18 പ്രകാരമുള്ള അധിക ഫീസ് (പട്ടിക III പ്രകാരം ഒടുക്കേണ്ട ലൈസൻസ് ഫീസിന്റെ 25%) ചുമത്താവുന്നതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ മേൽ സൂചിപ്പിച്ച ചട്ടങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ സ്വീകരിച്ചിട്ടില്ല.

2) പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ഈ കാരണത്താൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താനാവില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി. അപാകതകൾ

ഓഡിറ്റ് കാലയളവിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവർഷിക വരുമാന പത്രികകൾ,സ്ഥാപന രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടേയും, കമ്പനികളുടേയും, തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടേയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽനികുതി റിട്ടേണുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<table>
<tr><th>ക്രമ നം</th><th>സ്ഥാപനത്തിന്റെ പേര്</th><th>ജീവനക്കാരുടെ പേര്/ തസ്തിക</th><th>റിമാർക്സ്</th></tr>
<tr><td rowspan="2">1</td><td rowspan="2">ചേന്ദമംഗലം എൽ പി സ്കൂൾ</td><td>റിഷ. കെ ( LPSA)</td><td rowspan="5">സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ 2016-17 ലെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല</td></tr>
<tr><td>അശ്വനി. പി വി (LPSA)</td></tr>
<tr><td rowspan="2">2</td><td rowspan="2">മുട്ടുങ്ങൽ എൽ പി സ്കൂൾ</td><td>റോഷിമ. എം (LPSA)</td></tr>
<tr><td>ബിന്ന്യ. കെ പി (LPSA)</td></tr>
</table>

| | | |
|---|---|---|
| | റാഷിദ. ഒ<br>(LPSA) | |

3. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 ൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കെ എസ് ഇ ബി മുട്ടുങ്ങൽ |
| 2 | സിറ ന്യൂട്രിയൽസ് |
| 3 | ആശ ബയോകെം |
| 4 | കെ ടി സി മോട്ടോഴ്സ് |
| 5 | എയ്സ് മോട്ടോഴ്സ് |
| 6 | ആപ്കോ ഓട്ടോ മൊബൈൽസ് |
| 7 | കനറാ ബാങ്ക് |
| 8 | വി എസ് വൈദ്യശാല |
| 9 | ബ്രഹ്മ ഹെർബൽസ് |
| 10 | റാണി ഫുഡ് പ്രൊഡക്ട്സ് |
| 11 | ശാന്തി ഫുഡ് പ്രൊഡക്ട്സ് |
| 12 | വിനായക ഹോമിയോ ക്ലിനിക്ക് |
| 13 | എം എസ് ഹോമിയോ ക്ലിനിക്ക് |
| 14 | സപ്ലൈകോ മാവേലി സ്റ്റോർ ചോറോട് |
| 15 | ജിയോ പോളിമർ, ചേന്ദമംഗലം |
| 16 | ഒ കെ വുഡ് വർക്ക്സ് കൈനാട്ടി |

4) ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ കാലികമാക്കിയിട്ടില്ല

2016-17 ൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും റിട്ടേൺ സ്വീകരിച്ച് ആയതു പ്രകാരമുള്ള തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങളെ തൊഴിൽനികുതി സ്ഥാപനരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | വിനായക ഹോമിയോ ക്ലിനിക്ക് |
| 2 | എം എസ് ഹോമിയോ ക്ലിനിക്ക് |
| 3 | സപ്ലൈകോ മാവേലി സ്റ്റോർ ചോറോട് |
| 4 | ജിയോ പോളിമർ, ചേന്ദമംഗലം |
| 5 | വെറ്ററിനറി ഹോസ്പിറ്റൽ ചോറോട് |
| 6 | ഒ കെ വുഡ് വർക്ക്സ് കൈനാട്ടി (രണ്ടാം അർദ്ധവർഷം മുതൽ) |

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണ പെർമിറ്റ്-അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

2016-17 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകലുമായി ബന്ധപ്പെട്ട കെട്ടിടനിർമ്മാണ പെർമ്മിറ്റ് അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. 2016-17 വർഷത്തിൽ ആകെ 380 അപേക്ഷകളാണ് (രജിസ്റ്റർ പ്രകാരം)ലഭ്യമായിട്ടുള്ളത്. ആയതിൽ 223 അപേക്ഷകൾ മാത്രമെ തീർപ്പാക്കിയിട്ടുള്ളൂ.

2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി സൈറ്റ്/സർവ്വീസ് പ്ലാൻ അംഗീകരിക്കുകയോ, എതെങ്കിലും കാരണങ്ങളാൽ നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തി.പല പേജുകളിലും തീരുമാനമെടുത്തത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ല. അപേക്ഷ സ്വീകരിച്ചുവോ, നിരസിച്ചുവോ, എന്നുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഫയൽ അന്വേഷണം നടത്തി സമയബന്ധിതമായി സെക്ഷനിൽ തിരികെ ലഭ്യമാക്കുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തുന്നു.അന്വേഷണ റിപ്പോർട്ടുകൾ ലഭ്യമായതിന് ശേഷവും അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നു. ചില ഉദാഹരണങ്ങൾ-2016-17 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററിലെ 29,45,61,70,75 ക്രമനമ്പറായുള്ള അപേക്ഷകൾ.

കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവയും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല. കെട്ടിട നിർമ്മാണ ലൈസൻസ് അപേക്ഷാ രജിസ്റ്ററിലെ മുഴുവൻ കോളങ്ങളും രേഖപ്പെടുത്തി പൂർണ്ണമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർവ്വഹിക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് സങ്കേതം.പ്രസ്തുത സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യവും ഉപകരണ ലഭ്യതയും ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിട്ടും സോഫ്റ്റ്‌വെയർ വിന്യസിക്കാത്തത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.സങ്കേതം സോഫ്റ്റ്‌വെയർ അടിയന്തിരമായി വിന്യസിക്കേണ്ടതും കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികളിലെ വ്യക്തിഗതഗുണഭോക്താക്കളെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. സ.ഉ (എം.എസ്) നം 4/2016 തസ്വഭവ തി.11.01.2016 പ്രകാരമുള്ള പദ്ധതിമാർഗ്ഗരേഖ അനുബന്ധം 15ഖ.7-18 (x) ൽ അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ല. അങ്ങനെ ചെയ്യാത്തപക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ പാടില്ല. അങ്ങനെ ചെയ്താൽ അതിന്റെ ബാധ്യത തുക നൽകിയ ഉദ്യോഗസ്ഥനായിരിക്കും എന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതിവരെയും ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/16-17) മറുപടി നൽകിയിട്ടില്ല. അപാകത സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## **3-2** <u>തെങ്ങ് കൃഷി വികസന പദ്ധതി - നിർവ്വഹണത്തിൽ അപാകത</u>

നിർവ്വഹണം : മെഡി. ഓഫീസർ (ആയു. )

പ്രോജക്ട് നം. : 134/16-17

അടങ്കൽ : 250000/-

ഫണ്ട് എം.ജി (എൻ.ആർ

ചെലവ് : 250000/-

ബിൽ നം. തീ 1/16-17/16-01-2017

ഗ്രാമ പഞ്ചായിത്തിലെ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തെങ്ങിൻ തൈകൾ വെച്ച് പിടിപ്പിക്കുന്നതിനാലാണ് പദ്ധതി നടപ്പിലാക്കിയത്. എന്നാൽ മുറിച്ചുമാറ്റിയ തെങ്ങുകൾക്ക് പകരം പുതിയ തെങ്ങിൻ തൈകൾ വെച്ച് പിടിപ്പിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/16-17) മറുപടി നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണം ഭാഗികമായി നടത്തുന്നത് ശരിയായ നടപടിയല്ല. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## **3-3** <u>തെരുവ് നായ നിയന്ത്രണ പദ്ധതി - വിനിയോഗ സക്ഷ്യപത്രം ഹാജരാക്കിയില്ല</u>

നിർവ്വഹണം വെറ്റിനറി സർജൻ

പ്രോജക്ട് നം 191 /16-17

അടങ്കൽ 200000/-

ഫണ്ട് വികസന ഫണ്ട്

ചെലവ് 100000/-

ബിൽനം.തി. 1/16-17/ 15.03.2017

മേൽ പദ്ധതിയിൽ തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി ജില്ലാ പഞ്ചായത്തിന് 100000/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 വെള്ളക്കരം അടച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം പൊതു ടാപ്പുകളുടെ വെള്ളക്കരം അടച്ച ഇനത്തിൽ പ്രതിമാസം 13125/-രൂപ വീതം ആകെ 157500/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ എത്ര പൊതുടാപ്പുകൾ ഉണ്ടെന്നതിന് വ്യക്തമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.ജി.ഒ(ആർ.ടി)2242/2011 /തസ്വഭവ/29.08.2011 പ്രകാരം പൊതു ടാപ്പുകളുടെ കാര്യത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി എത്ര പൊതുടാപ്പുകൾ ഉണ്ടെന്ന് നിർണ്ണയിച്ചശേഷം അതിനനുസരിച്ച് മാത്രമേ വെള്ളക്കരം അടയ്ക്കാവൂ എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പൊതുടാപ്പുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(14/1617)മറുപടി നൽകിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽവെയ്ക്കുന്നു

## 3-5 സ്ട്രീറ്റ് ലൈറ്റ് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷം സ്ട്രീറ്റ് ലൈറ്റ് ഇനത്തിൽ പ്രതിമാസം 41323/- രൂപ വീതം ആകെ 495876/-രൂപ കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ എത്ര സ്ട്രീറ്റ് ലൈറ്റുകളുണ്ടെന്നതിന് വ്യക്തമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്ററിൽ ലൈറ്റുകളുടെ എണ്ണം, ഇനം എന്നീ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ കാര്യത്തിൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക്( 15/16-17) മറുപടി നൽകിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 എസ് എസ് എ വിഹിതം കൈമാറിയതിലെ അപാകതകൾ

2016-17 വർഷം താഴെ പറയും പ്രകാരം എസ് എസ് എ ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് (അക്കൗണ്ട് നം 2772101003291/കനറ ബാങ്ക്, മാവൂർ റോഡ് ബ്രാഞ്ച്) 7,00,000 രൂപ ഹെഡ് മാസ്റ്റർ കൈമാറിയിട്ടുണ്ട്.

| | | |
|---|---|---|
| പദ്ധതി നം | 122/17 | |
| അടങ്കൽ | 7,00,000/- | പൊതു വിഭാഗം വികസന ഫണ്ട് |
| ചിലവ് | 7,00,000/- | ബിൽ നം.1/16-17 തീയതി: |

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ നൽകുന്നു.

1. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിമാർഗരേഖകളിൽ 2016-17 വർഷം ബാധകമായ മാർഗരേഖയിലെ (11.01.2016 ലെ സ.ഉ (കൈ) നം 4/2016/ത.സ്വ.ഭ.വ ഉത്തരവ്) ഖണ്ഡിക 11.6 (ii) പ്രകാരം എസ് എസ് എ യും വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനവും ചേർന്നാണ് അതാത് തലത്തിലുള്ള പ്രോജക്റ്റ് തയ്യാറാക്കേണ്ടത്. തയ്യാറാക്കുന്ന പ്രോജക്റ്റ് ഭരണ സമിതി അംഗീകരിക്കുകയും അംഗീകരിച്ച പ്രോജക്റ്റ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം.

എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കാതെയാണ് എസ് എസ് എ പ്രോജക്റ്റിനു വേണ്ടി തുക കൈമാറിയത്.

2. 7,00,000 രൂപ ഏതൊക്കെ ഇനങ്ങൾക്കാണ് ചിലവഴിച്ചതെന്നു സംബന്ധിച്ച വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കില്ല എന്നുള്ള വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. 7,00,000 രൂപയുടെ ചെലവ് ഏതൊക്കെ ഇനങ്ങൾക്കാണ് ചിലവഴിച്ചതെന്നു സംബന്ധിച്ച വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ തടസ്സപ്പെടുത്തുന്നു.

## 3-7 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതികളുടെ പരിശോധന

1. ഫണ്ട് ചിലവ് സംബന്ധിച്ച്

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അങ്കണവാടി പൂരക പോഷകാഹാരം, ബഡ്സ് സ്കൂൾ പ്രവർത്തനം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ നൽകുന്നു.

| | | |
|---|---|---|
| പദ്ധതി | അങ്കണവാടി പൂരക പോഷകാഹാരം ( 124) | |
| അടങ്കൽ | 34,50,000 | |
| | കേന്ദ്രാവിഷ്കൃത ഫണ്ട് | 10,00,000 |
| | പൊതു വിഭാഗം വികസന ഫണ്ട് | 24,50,000 |
| ചിലവ് | 25,89,456 | |
| | കേന്ദ്രാവിഷ്കൃത ഫണ്ട് | 1,59,093 |
| | പൊതു വിഭാഗം വികസന ഫണ്ട് | 24,30,363 |

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 24.3.2007 ലെ ഐ.സി.ഡി.എസ്-എച്ച്2/6784/07നമ്പർ ഉത്തരവിൽ 28.3.2005 ലെ 4-1/2005സി.ഡി 2 നമ്പറിലുള്ള കേന്ദ്ര സർക്കാർ കത്തു പ്രകാരം അംഗന വാടികളിലെ അനുപൂരക പോഷകാഹാര പരിപാടിക്കായി ചെലവഴിക്കുന്ന തുകയുടെ 50% നിബന്ധനകൾക്കു വിധേയമായി കേന്ദ്ര സർക്കാർ നൽകാമെന്ന് സമ്മതിച്ചിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനു ആവശ്യത്തിനു കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ട് എന്നു സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട് (ഇതു സംബന്ധിച്ച് രേഖകളൊന്നും ഹാജരാക്കിയിട്ടില്ല) എന്നാൽ 6.14% മാത്രമാണ് കേന്ദ്രവിഹിതം ചെലവാക്കിയത്. കേന്ദ്ര വിഹിതം ആവശ്യത്തിനു ലഭ്യമായിരിക്കെ അത് ചെലവഴിക്കാതെ വികസനഫണ്ട് ചെലവഴിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതും ലഭിച്ചതു കയ്യിരിപ്പുള്ളതുമായ കേന്ദ്രവിഹിതം സംബന്ധിച്ച് വിവരം നൽകേണ്ടതുമാണ്.

| | | |
|---|---|---|
| പദ്ധതി | ബഡ്സ് സ്കൂൾ പ്രവർത്തനം (146) | |
| അടങ്കൽ | 5,00,000 | |
| | ഗ്രാന്റ് | 2,00,000 |
| | പൊതു വിഭാഗം വികസന ഫണ്ട് | 3,00,000 |
| ചിലവ് | 4,59,756 | |
| | ഗ്രാന്റ് | 1,59,756 |
| | പൊതു വിഭാഗം വികസന ഫണ്ട് | 3,00,000 |

ബഡ്സ് സകൂൾ പ്രവർത്തനത്തിനായി ലഭിച്ച 200000 രൂപയുടെ ഗ്രാന്റ് പൂർണമായും ചെലവഴിക്കാതെ വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിനു വിശദീകരണം നൽകേണ്ടതാണ്.

2. വാഹനം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ ബഡ്സ് സകൂളിനു സ്വന്തമായി വാഹനമുണ്ട്. വാഹനത്തിന്റെ ഇന്ധനം, റിപ്പയർ,ഡ്രൈവറുടെ വേതനം എന്നിങ്ങനെയുള്ള ചെലവുകൾ പദ്ധതിയിലുൾപ്പെടുത്തിയാണ് നിർവഹിക്കുന്നത്. എന്നാൽ ഇതു സംബന്ധിച്ച ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ എന്നീ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. മുൻവർഷ റിപ്പോർട്ടിലെ നിർദേശം പാലിക്കുന്നില്ല.

ടെണ്ടർ വിളിക്കാതെ ഗ്രാമ പഞ്ചായത്തിലെ 35 അങ്കണവാടികളിലെ കുട്ടികൾക്ക് പൂരക പോഷകാഹാര പദ്ധതിയിൽ ഉൾപ്പെടുത്തി ലിറ്ററിന് 40/- രൂപ നിരക്കിൽ വെള്ളികുളങ്ങര കോ.ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈ സൊസൈറ്റിയിൽ നിന്നും പാൽ നേരിട്ട് വാങ്ങി വിതരണം ചെയ്തത് ശരിയായ നടപടിയല്ല എന്ന് 2015-16 വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 3-9 പ്രകാരം പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷവും ഈ അപാകത ആവർത്തിച്ചതായി കാണുന്നു.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-8 പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതി : കൂടുതൽ മെച്ചപ്പെടുത്താൻ ശ്രദ്ധ അനിവാര്യം

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനു മാർഗരേഖയായി നിർദേശിക്കുന്ന സ.ഉ (സാധാ) നം. 3217/2015 /ത.സ്വ.ഭ.വ തീയതി 29.10.2015 (2015 ഒക്ടോബർ 29 മുതൽ ബാധകം) ഉത്തരവിലെ ചില വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പദ്ധതി നം | 117/2017 |
| അടങ്കൽ | 4,10,000/-(പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവഴിച്ചത് | 401571/- |
| ബിൽ നം, തീയ്യതി | തുക |
| 1/16-17,07.11.2016 | 92301 |
| 2/16-17, 07.11.2016 | 50000 |
| 4/16-17,11.01.2017 | 46973 |
| 5/16-17, 04.03.2017 | 70000 |
| 6/16-17, 21.03.2017 | 75730 |
| 7/16-17, 31.03.2017 | 66567 |

മേൽ പദ്ധതി നടപ്പിലാക്കിയതിൽ ശ്രദ്ധയിൽ പെട്ട അപാകതകളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

1.പട്ടിക പ്രസിദ്ധപ്പെടുത്തിയില്ല.

സ.ഉ (സാധാ) നം. 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 ലെ ഖണ്ഡിക 2.5.6 പ്രകാരം ഉത്തരവ് തീയതി മുതൽ 60ദിവസത്തിനകം പാലിയേറ്റിവ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക ഗ്രാമപഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെ ഉത്തരവ് തീയതി കഴിഞ്ഞ് 60 ന ശേഷം പാലിയേറ്റിവ് പദ്ധതിയിൽ നിന്നു തുക ചിലവഴിക്കരുതെന്നും സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഈ കാലയളവിനുള്ളിൽ പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

2. പാലിയേറ്റിവ് മാനേജ്മെന്റ് കമ്മറ്റി ചേരുന്നില്ല.

ഉത്തരവ് ഖണ്ഡിക 2.3.2 പ്രകാരം മൂന്ന് മാസത്തിലൊരിക്കലും ചേരേണ്ട പാലിയേറ്റിവ് മാനേജ്മെന്റ് കമ്മറ്റി മീറ്റിംഗ് ഓഡിറ്റ് വർഷം 01.10.2016,27.03.2017 എന്നീ തീയതികളിൽ മാത്രമേ ചേർന്നിട്ടുള്ളൂ.

3. യോഗം വിളിച്ചില്ല

ഉത്തരവ് ഖണ്ഡിക 2.2.2(1) സാമ്പത്തിക വർഷാരംഭത്തിൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ വിധ ആരോഗ്യപ്രവർത്തകരെയും, എൻ എസ് എസ്- എൻ സി സി - എസ് പി സി കേഡറ്റ്മാരെയും വിളിച്ചുകൂട്ടി യോഗം വിളിക്കണമെന്നുണ്ടെങ്കിലും നടത്തിയിട്ടില്ല.

4 പാലിയേറ്റീവ് കെയർ ഇമ്പ്ലിമെന്റേഷൻ കമ്മറ്റി.

ഉത്തരവ് ഖണ്ഡിക 2.4 പ്രകാരം രൂപീകരിക്കേണ്ട മേൽ പറഞ്ഞ കമ്മറ്റി രൂപീകരിച്ചിട്ടില്ല.

5. ഓൺലൈൻ അപ്ഡേഷൻ നടത്തുന്നില്ല

ഉത്തരവ് ഖണ്ഡിക 2.6.3 (7) പ്രകാരം ഗൃഹസന്ദർശനാനന്തരം (അന്നോ പിറ്റേന്നോ) അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മുഖേന അപ് ലോഡ് ചെയ്യണമെന്നുണ്ട്. എന്നാൽ ഐ.കെ.എം ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചതിന്റെയോ റിപ്പോർട്ട് അപ്ഡേറ്റ് ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

6. ഹോണറേറിയം സമയ പരിധിക്കുള്ളിൽ നൽകുന്നില്ല

ഉത്തരവ് ഖണ്ഡിക 2.8.11 പ്രകാരം പാലിയേറ്റീവ് നഴ്സിന ജോലി ചെയ്തതിന്റെ അടുത്ത മാസം 10 നകം ഹോണറേറിയം നൽകണമെന്ന വ്യവസ്ഥ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നില്ല. 2016-17 വർഷം പാലിയേറ്റീവ് നഴ്സിന വൈകി ഓണറേറിയം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| ജോലി ചെയ്ത മാസം | ഓണറേറിയം നൽകാനായി പണം പിൻവലിച്ച തീയതി |
|---|---|
| 10/16,11/16 | 10.1.2017 |
| 12/16,01/17 | 21.03.2017 |
| 02/17 | 31.03.2017 |

അപാകതകൾക്ക വിശദീകരണം നൽകേണ്ടതാണ്.

## 3-9 എസ് എൽ ഐ പ്രീമിയം ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ ചില ജീവനക്കാരിൽ നിന്നും 2016 – 17 വർഷം എസ് എൽ ഐ, ജി ഐ എസ് എന്നീ ഇൻഷ്വറൻസ് പദ്ധതികളുടെ പ്രീമിയം ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. 2017 ജനുവരി മാസത്തെ ശമ്പള ബില്ലിൽ നിന്നും ഈ ഇനത്തിൽ വന്ന കുറവ് ഉദാഹരണമായി നൽകുന്നു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര് | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട എസ് എൽ ഐ പ്രീമിയം* | ഈടാക്കിയത് | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | സജീവൻ കെ കെ | 33100 | 300 | 150 | 150 |
| 2 | ശ്രീജേഷ് വി കെ | 31500 | 300 | 200 | 100 |
| 3 | ഷൈലജ | 29900 | 300 | 100 | 200 |
| 4 | സജീവൻ | 28500 | 300 | 150 | 150 |
| 5 | രാജേഷ് പി ബി | 24600 | 300 | 150 | 150 |
| 6 | ഗോപിനാഥൻ പി | 20240 | 375** | 175 | 200 |

* 04.10.2016 ലെ സ.ഉ (അ) നം 149/2016/ധന ഉത്തരവ് പ്രകാരം (01.01.2017 മുതൽ പ്രാബല്യം)

** 09/02/2012 ലെ സ.ഉ (അ) നം 104/2012/ധന ഉത്തരവ് പ്രകാരം (01.04.2012 മുതൽ പ്രാബല്യം)

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-10 തനത് ഫണ്ട് ചെലവ് - അപാകതകൾ

1. ഗ്രന്ഥശാലാവരി യഥാസമയം ഒടുക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്ന വസ്തുനികുതിയിൻ മേൽ 1989 ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്ടിലെ 48 ാം വകുപ്പ് പ്രകാരം 1 രൂപയ്ക്ക് 5 പൈസ എന്ന തോതിൽ ഗ്രന്ഥശാലാവരി ഈടാക്കി സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കേണ്ടതുണ്ട്. എന്നാൽ ഇങ്ങനെ പിരിക്കുന്ന ഗ്രന്ഥശാലാവരി യഥാസമയം ഒടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് അമാന്തം കാണിക്കുന്നു. 2014-15,2015-16 എന്നീ വർഷങ്ങളിൽ പിരിച്ച തുക 2017 മാർച്ച് 31 ലെ 21600944 നമ്പർ വൗച്ചർ പ്രകാരമാണ് അടച്ചിട്ടുള്ളത്. ടി തുക സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 57037147224 എന്ന നമ്പറിലുള്ള ബാങ്ക് അക്കൗണ്ടിൽ (എസ് ബി ടി.തിരുവനന്തപുരം മെയിൻ ബ്രാഞ്ച്) നിക്ഷേപിച്ചു എന്നു പറയുന്നുണ്ടെങ്കിലും തുക ലൈബ്രറി കൗൺസിലിനു ലഭിച്ചു എന്നതിനു രേഖകളൊന്നുമില്ല. 2016-17 വർഷത്തെ തുക നാളിതു വരെ ഒടുക്കിയിട്ടുമില്ല.

2. എൻ പി എസ് കോൺട്രിബ്യൂഷൻ ഈടാക്കുന്നില്ല.

കേന്ദ്ര സർക്കാർ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിന്റെ തുടർച്ചയായി 07.01.2013 ലെ സ.ഉ (അ) നം. 20/2013/ധന ഉത്തരവു പ്രകാരം 01.04.2013 പ്രാബല്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യുന്ന സന്നിത രവീന്ദ്രൻ എന്നവരിൽ നിന്നും നാളിതു വരെ തുക ഈടാക്കിയിട്ടില്ല.

3. ഓഫീസ് വാഹന ഉപയോഗം സംബന്ധിച്ച്

1. റിപ്പയർ നടത്തുന്നതിലെ അപാകതകൾ

ഓഫീസ് വാഹനങ്ങൾക്ക് അടിയന്തിരമായി റിപ്പയറോ അറ്റകുറ്റ പണികളോ ആവശ്യമാണെന്നു തോന്നുന്ന പക്ഷം ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട കസ്റ്റോഡിയൻ ഓഫീസർക്ക് നൽകേണ്ടതാണ്. സർക്കാർ ഉത്തരവ് സ.ഉ (കൈ) 170/07,തസ്വഭവ, 30.06.07 പ്രകാരം പതിനായിരം രൂപക്ക് താഴെയുള്ള അറ്റകുറ്റപണികൾ സർക്കാർ അംഗീകാരമുള്ള വർക്ക് ഷോപ്പ് മുഖേന കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായി ചെയ്യിക്കാവുന്നതാണ്. എന്നാൽ പതിനായിരം രൂപക്ക് മുകളിൽ ചെലവ് വരുന്ന വാഹനസംബന്ധിയായ എല്ലാ സംഗതികളും മൽസര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തേണ്ടതാണ്.എന്നാൽ ഓഡിറ്റ് കാലയളവിൽ വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കായി മേൽ സർക്കാർ ഉത്തരവുകൾ പാലിച്ചതായി കാണുന്നില്ല.

2. ലോഗ് ബുക്ക് സൂക്ഷിപ്പ് സംബന്ധിച്ച്

വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

എ ആറു മാസത്തിലൊരിക്കൽ നടത്തേണ്ട ഫ്യുവൽ എഫിഷ്യൻസി ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി മാസാന്ത സംക്ഷിപ്തം രേഖപ്പെടുത്തുന്ന സമയത്ത് വാഹനത്തിലെ ഇന്ധനത്തിന്റെ അളവ് സംബന്ധിച്ചോ തൻമാസം എത്ര അളവ് ഇന്ധനം ഉപയോഗിച്ചു, എത്ര കിലോ മീറ്റർ ഓടി എന്നിങ്ങനെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്നില്ല.

സി തങ്ങിയ സമയം, യാത്ര ചെയ്യുയാളുടെ പേരും ഒപ്പും തുടങ്ങിയവ രേഖപ്പെടുത്തുന്നില്ല.

3. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.

എ. സ.ഉ (കൈ) 170/07,തസ്വഭവ, 30.06.07 പ്രകാരം സൂക്ഷിക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

- ഇന്ധന ഓർഡർ ബുക്ക്
- റിപ്പയർ രജിസ്റ്റർ
- സ്റ്റോക്ക് രജിസ്റ്റർ
- ഫ്യുവൽ രജിസ്റ്റർ

ബി ഇന്ധന ടാങ്കിൽ പൂർണമായും ഇന്ധനം നിറയ്ക്കുന്നില്ല.

സി ഓരോ വാഹനത്തിന്റെ കസ്റ്റോഡിയനും വാഹന സംബന്ധിയായി എല്ലാ ഇനത്തിലുമുള്ള ചെലവ് സംബന്ധിച്ച് വൗച്ചർ സഹിതം ആറു മാസത്തിലൊരിക്കൽ മേലുദ്യോഗസ്ഥന് (24.02.2003 ലെ സ.ഉ (കൈ) നം.113/2003/ധന ഉത്തരവ്) റിപ്പോർട്ട് ചെയ്യണം. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

4. പെർമനൻ്റ് കൺവെയൻസ് അലവൻസിൽ ( പി സി എ) കുറവ് വരുത്തുന്നില്ല

കൺവയൻസ് അലവൻസ് വാങ്ങുന്ന ഉദ്യോഗസ്ഥർ 24.02.2003 ലെ സ.ഉ(കൈ) നം 113/2003/ധന ഉത്തരവ് പ്രകാരം പ്രവർത്തന പരിധിക്കകത്ത് ഔദ്യോഗിക വാഹനം ഉപയോഗിക്കരുത്. അനുമതിയോടെ ഉപയോഗിച്ചാൽ തന്നെ ആനുപാതിക തുക അലവൻസിൽ കുറവ് വരുത്തണം. എന്നാൽ ഔദ്യോഗിക വാഹനം ഉപയോഗിക്കുന്ന മാസങ്ങളിൽ പി സി എ കുറവ് വരുത്തിയതായി കാണുന്നില്ല. അനുമതിയോടെയാണോ വാഹനം ഉപയോഗിച്ചതെന്നും വ്യക്തമല്ല.

2. പത്ര പരസ്യങ്ങൾക്ക് ഇളവ് ലഭ്യമാക്കുന്നില്ല

സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ പത്രങ്ങളിൽ പരസ്യം നൽകുമ്പോൾ 04.01.2011ലെ സ.ഉ(സാധാ) നം 1/2011/പി ആൻ്റ് എ ആർ ഡി ഉത്തരവ് പ്രകാരം 15 ശതമാനം ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ വിവിധ ആവശ്യങ്ങൾക്ക് പരസ്യം നൽകിയപ്പോൾ ഈ ഇളവ് ലഭ്യമാക്കിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-11 തുക മുൻകൂർ നൽകി : ഫർണിച്ചർ ലഭിച്ചില്ല

ഫിഷറീസ് സബ് ഇൻസ്പെക്ടർ 2016-17 വർഷം നിർവഹണം നടത്തിയ "മൽസ്യത്തൊഴിലാളികളുടെ വിദ്യാർഥികളായ മക്കൾക്ക് മേശയും കസേരയും നൽകൽ" പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | | |
|---|---|---|
| പദ്ധതി നം | 5/17 | |
| അടങ്കൽ | 2,00,000/- | വികസന ഫണ്ട് (എസ് സി പി) |
| ചിലവ് | 1,99,918/- | ബിൽ നം.1/16-17 തീയതി: 29.03.2017 |

| | |
|---|---|
| ആകെ ഗുണഭോക്താക്കൾ | 50 |

മേൽ പദ്ധതിയിലുൾപ്പെടുത്തി സ്റ്റീൽ ടേബിളും സ്റ്റീൽ കസേരയും ലഭ്യമാക്കുവാൻ കുറഞ്ഞ വില ക്വോട്ട് ചെയ്ത കാഡ്കോയുമായി 21.3.2017 പ്രാബല്യത്തിൽ കരാർ വെച്ചിട്ടുണ്ട്. 29.03.2017 ന തുക പിൻവലിച്ച് കാഡ്കോയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഫർണിച്ചർ ഓഡിറ്റ് തീയതി വരെ ലഭ്യമാക്കിയിട്ടില്ല. ഫർണിച്ചർ ലഭ്യമാക്കാത്തതിനും ഉൽപന്നങ്ങൾ ലഭിക്കാതെ വിതരണക്കാരന് തുക കൈമാറിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.199918/- ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-12 മരുന്നുകൾ ലഭ്യമായില്ല.

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിലുൾപ്പെടുത്തി മരുന്നും ഉപകരണങ്ങളും വാങ്ങാൻ തുക കൈമാറിയിട്ടുണ്ട്. എന്നാൽ അവ ലഭിച്ചതായി കാണുന്നില്ല.

| പദ്ധതിയുടെ പേര്/ പദ്ധതി നം | മരുന്ന്/ഉപകരണം ലഭ്യമാക്കാനായി കൈമാറിയ തുക | ആർക്ക് കൈമാറി | എത്ര രൂപയുടെ മരുന്ന്/ഉപകരണം ലഭിച്ചു | ബാക്കി |
|---|---|---|---|---|
| പാലിയേറ്റിവ് പരിചരണം (110/17) | 70,000/- | കെ.എം.എസ്.സി.എൽ | 0 | 70,000/- |
| ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 2,50,000/- | ഔഷധി | 184627 | 65373/- |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. 135373/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-13 വാഹന ഉപയോഗം സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റിവ് കെയർ ആവശ്യത്തിനു സ്വന്തമായി വാഹനമുണ്ട്. ഈ വാഹനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. റിപ്പയർ നടത്തുന്നതിലെ അപാകതകൾ

ഓഫീസ് വാഹനങ്ങൾക്ക് അടിയന്തിരമായി റിപ്പയറോ അറ്റകുറ്റ പണികളോ ആവശ്യമാണെന്നു തോന്നുന്ന പക്ഷം ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട കസ്റ്റോഡിയൻ ഓഫീസർക്ക് നൽകേണ്ടതാണ്. സർക്കാർ ഉത്തരവ് സ.ഉ (കൈ) 170/07,തസ്വഭവ, 30.06.07 പ്രകാരം പതിനായിരം രൂപക്ക് താഴെയുള്ള അറ്റകുറ്റപണികൾ സർക്കാർ അംഗീകാരമുള്ള വർക്ക് ഷോപ്പ് മുഖേന കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായി ചെയ്യിക്കാവുന്നതാണ്. എന്നാൽ പതിനായിരം രൂപക്ക് മുകളിൽ ചെലവ് വരുന്ന വാഹനസംബന്ധിയായ എല്ലാ സംഗതികളും മൽസര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തേണ്ടതാണ്.എന്നാൽ ഓഡിറ്റ് കാലയളവിൽ വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കായി മേൽ സർക്കാർ ഉത്തരവുകൾ പാലിച്ചതായി കാണുന്നില്ല.

2. ലോഗ് ബുക്ക് സൂക്ഷിപ്പ് സംബന്ധിച്ച്

വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

എ ആറു മാസത്തിലൊരിക്കൽ നടത്തേണ്ട ഫ്യുവൽ എഫിഷ്യൻസി ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ്

ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി മാസാന്ത സംക്ഷിപ്തം രേഖപ്പെടുത്തുന്ന സമയത്ത് വാഹനത്തിലെ ഇന്ധനത്തിന്റെ അളവ് സംബന്ധിച്ചോ തൻമാസം എത്ര അളവ് ഇന്ധനം ഉപയോഗിച്ചു, എത്ര കിലോ മീറ്റർ ഓടി എന്നിങ്ങനെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്നില്ല.

സി തങ്ങിയ സമയം, യാത്ര ചെയ്തയാളുടെ പേരും ഒപ്പും തുടങ്ങിയവ രേഖപ്പെടുത്തുന്നില്ല.

3. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.

എ. സ.ഉ (കൈ) 170/07,തസ്വഭവ, 30.06.07 പ്രകാരം സൂക്ഷിക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

- ഇന്ധന ഓർഡർ ബുക്ക്
- റിപ്പയർ രജിസ്റ്റർ
- സ്റ്റോക്ക് രജിസ്റ്റർ
- ഫ്യൂവൽ രജിസ്റ്റർ

ബി ഇന്ധന ടാങ്കിൽ പൂർണമായും ഇന്ധനം നിറയ്ക്കുന്നില്ല.

സി ഓരോ വാഹനത്തിന്റെ കസ്റ്റോഡിയനും വാഹന സംബന്ധിയായി എല്ലാ ഇനത്തിലുമുള്ള ചെലവ് സംബന്ധിച്ച് വൗച്ചർ സഹിതം ആറു മാസത്തിലൊരിക്കൽ മേലുദ്യോഗസ്ഥന് (24.02.2003 ലെ സ.ഉ (കൈ) നം.113/2003/ധന ഉത്തരവ്) റിപ്പോർട്ട് ചെയ്യണം. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-14 സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തിൽ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി സാധനങ്ങൾ വാങ്ങിയത് 8.11.2010 ലെ സ.ഉ (അ) നം.259/2010/ ത.സ്വ.ഭ.വ് നമ്പർ പ്രകാരം പുറപ്പെടുവിച്ച സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖയിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചല്ല.

സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും നിർവ്വഹിക്കാൻ പോകുന്ന പ്രൊജക്ടുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്നുള്ളതിന്റെ ലിസ്റ്റ് പ്രൊക്വർമെന്റ് കമ്മിറ്റിയെ ഏല്പിക്കണമെന്നും ,കമ്മിറ്റി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ആവശ്യമായ സാധനങ്ങളും സേവനങ്ങളും മൊത്തത്തിൽ കണ്ടെത്തി ഒരേ ഇനം സാധനങ്ങൾ ഒരുമിച്ച് വാങ്ങുന്നതിനുള്ള നടപടി ക്രമം തെരെഞ്ഞെടുക്കുകയും ഇപ്രകാരം വാങ്ങുന്നതിന് പ്രൊക്വർമെന്റ് ടീമിനെ ചുമതലപ്പെടുത്തണമെന്നും മേൽ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. പ്രൊക്വർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും, ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ/സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. ഇതനുസരിച്ച് സാധനങ്ങൾ/സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുക നല്കുന്നു.

എന്നാൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങുന്ന മുൻകാല രീതി തന്നെ അവലംബിക്കുകയാണ് ചെയ്തത്. ഇതുമൂലം ഒരേ ഇനം സാമഗ്രികൾ വാങ്ങുന്നതിന് ഓരോ ഉദ്യോഗസ്ഥനും വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുകയും മാർഗരേഖ വിഭാവനം ചെയ്ത വാങ്ങലുകളിൽ പരമാവധി നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യപ്രാപതി കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തു.

ഒരേ സാധനങ്ങൾ വ്യത്യസ്ത നിർവഹണോദ്യോഗസ്ഥർ വ്യത്യസ്ത പദ്ധതികൾക്കായി വ്യത്യസ്ത

സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതിന്റെ ഉദാഹരണം താഴെ നൽകുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി | വാങ്ങിയ സാധനം | ചെലവ് തുക |
|---|---|---|---|
| ഹെഡ് മാസ്റ്റർ | പട്ടിക ജാതി വിദ്യാർഥികൾക്ക് ഫർണിച്ചർ (5/17) | മേശയും കസേരയും | 10425 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | മൽസ്യത്തൊഴിലാളികളുടെ വിദ്യാർഥികളായ മക്കൾക്ക് ഫർണിച്ചർ (108/17) | മേശയും കസേരയും | 1,99,918 |

സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പാലിക്കാത്തതിനു വിശദീകരണം നൽകേണ്ടതാണ്.

## 3-15 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരംലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായിനടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ചവയുടെ % |
|---|---|---|---|---|
| 187 | 99 | 11 | 77 | 53% |

ജനകീയാസൂത്രണ പദ്ധതികളുടെ നിർവ്വഹണത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് പതിറ്റാണ്ടുകളുടെ അനുഭവ പരിജ്ഞാനമുണ്ടെങ്കിലും, ഇത് പ്രവൃത്തിപഥത്തിലേക്ക് എത്തിക്കുന്ന കാര്യത്തിൽ പൂർണ്ണമായും വിജയിക്കാൻ സാധിച്ചിട്ടില്ലെന്ന് കാണാം. പദ്ധതിവർഷത്തിൽ 53 ശതമാനത്തോളം പ്രോജക്ടുകൾ മാത്രമേ പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളൂ.

വിവിധ പദ്ധതികൾക്ക് ലഭ്യമായ ആകെ അടങ്കൽ തുക 134828066/- രൂപയാണ് എന്നാൽ ചെലവഴിച്ചത് 35278720/-രൂപയാണ്. (53% തുക മാത്രമേ പദ്ധതിയിൽ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ). ആസൂത്രണ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബൃഹത്തായ ജനകീയ – ഉദ്യോഗസ്ഥ സംവിധാനം ഗ്രാമപഞ്ചായത്തിൽ ഉണ്ടെങ്കിലും,ഇതിന്റെ സമയബന്ധിതമായ ഏകോപനമില്ലായ്മയാണ് പദ്ധതിചെലവ് കുറയാൻ കാരണമായത്.ഓരോ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പദ്ധതിപ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ചത് | ഭാഗികമായി പൂർത്തീകരിച്ചത് | നടപ്പിലാക്കാത്തത് | നിർവ്വഹണംനടത്തിയ ശതമാനം (%) |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 07 | 1700548 | 826960 | 07 | 0 | ഇല്ല | 48.6% |
| വെറ്റിനറി സർജൻ | 08 | 1046959 | 423456 | 07 | 0 | 01 | 40.44% |
| മെഡിക്കൽ ഓഫീസർ അലോപ്പതി | 05 | 835000 | 813386 | 05 | 0 | ഇല്ല | 97.41% |

| | | | | | | | |
|---|---|---|---|---|---|---|---|
| അസി.എഞ്ചിനിയർ | 111 | 68595977 | 9619191 | 36 | 05 | 70 | 14.02% |
| സെക്രട്ടറി | 17 | 17850119 | 8818608 | 5 | 4 | 8 | 49.4% |
| അസി.സെക്രട്ടറി | 14 | 1264735 | 676120 | 6 | 2 | 6 | 53.45%ാ |
| ഐസിഡിഎസ്.സൂപ്പർവൈസർ | 6 | 6251000 | 5328975 | 6 | 0 | 0 | 85.24% |
| വി.ഇ.ഒ | 10 | 15446000 | 7510990 | 8 | 0 | 2 | 48.62% |
| ഫിഷറീസ് ഇൻസ്പെക്ടർ | 1 | 200000 | 199918 | 1 | 0 | 0 | 99.95% |
| ഹെഡ് മാസ്റ്റർ | 5 | 982999 | 784485 | 4 | 0 | 1 | 79.8% |

അസി.എഞ്ചിനിയർ, സെക്രട്ടറി എന്നിവർ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം പൊതുവെ തൃപ്തികരമാണെങ്കിലും,ചെലവഴിച്ച തുകയുടെ കാര്യത്തിൽ ചില നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രകടനം തൃപ്തികരമല്ല.ഉൽപ്പാദന മേഖലയിൽ വൈവിധ്യമാർന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമിച്ചിട്ടില്ല.പശ്ചാത്തലമേഖലയിൽ പദ്ധതികളുടെ എണ്ണം വർധിക്കുന്നതിനാൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വരുന്നു.

അസി.എഞ്ചിനിയറുടെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി കൈവരിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തെ ഇത് സാരമായി ബാധിക്കുന്നുണ്ട്. ഈ വിഷയത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 1074346 രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | വ്യാസൻ | കുര്യാടി എൽ.പി.സ്കൂൾ പുനരുദ്ധാരണം | 14/16-17 | 60000 | 0 | 60000 |
| 2 | ഊരാളുങ്കൽ ലേബർ സൊസൈറ്റി. | മലയിൽ മുക്ക് പുതിയോട്ടിൽ താഴ റോഡ് | 16/16-17 | 140000 | 0 | 140000 |
| 3 | | പൊതുജന വായനശാല എൽ.പി.സ്കൂൾ റോഡ് | 18/16-17 | 48000 | 0 | 48000 |
| 4 | | ചാലപ്പറമ്പത്ത്-കുറുക്കൻ കുന്ന് റോഡ്. | 19/16-17 | 140000 | 0 | 140000 |
| 5 | | ചട്ടച്ചികുനി റോഡ് പരിഷ്കരണം | 22/16-17 | 50000 | 0 | 50000 |
| 6 | | 69-ാം നമ്പർ | 23/16-17 | 71110 | 0 | 71110 |

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | | അംഗനവാടി റോഡ് | | | | |
| 7 | | ചെട്ട്യാംവീട്ടിൽ മുക്ക്-മണ്ണോടൻ കണ്ടി റോഡ്. | 24/16-17 | 108000 | 0 | 108000 |
| 8 | | പൊതുവാന്റവിട മുക്ക്- കോളോത്ത് റോഡ്. | 25/16-17 | 54000 | 0 | 54000 |
| 9 | | ഇല്ലത്ത് മുക്ക്-കോളോത്ത് കണ്ടിമുക്ക് റോഡ്. | 26/16-17 | 74000 | 0 | 74000 |
| 10 | | കപ്പൊയിൽ പുന്നേരി താഴ റോഡ് | 27/16-17 | 139236 | 0 | 139236 |
| 11 | | താഴെ പുതിയോട്ടിൽ -കൊപ്രാം കണ്ടി റോഡ്. | 15/16-17 | 60000 | 0 | 60000 |
| 12 | അരവിന്ദാക്ഷൻ | 73-ാം നമ്പർ അംഗൻവാടി. | 32/16-17 | 40000 | 0 | 40000 |

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | | | | | | |
| 13 | പ്രേമ. | 72-ാം നമ്പർ അംഗൻവാടി. | 33/16-17 | 60000 | 0 | 60000 |
| 14 | പ്രകാശൻ | ഒലോക്കണ്ടി മുക്ക്-പുതിയോട്ടിൽ മുക്ക് നടപ്പാത. | 546227 | 30000 | 30000 | 0 |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന പദ്ധതി | 51613/DB /1/14/LSGD | 5572000 | 6260000 | 2300000 | 500000 | 9532000 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 23725000 |
| തൻവർഷം നിക്ഷേപിച്ച തുക | 2072063 |
| ആകെ | 25797063 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 23725000 |
| | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25797063 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ചോറോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-ചോറോട് | 25797063 |
| ആകെ | 25797063 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ<br>പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-3(2) | 1000/- | കൃഷ്ണ ഓട്ടോ ഏജൻസീസ് | 8260/25.3.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72881729 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68880162 |
| വരവിനങ്ങളിലുള്ള നഷ്ടം | |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1788667 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 100000 | ഡോ. അബ്ദുൾ ജലീൽ (വെറ്ററിനറി സർജൻ) |
| 3-4 | 157500 | മുസ്തഫ എ വി ( സെക്രട്ടറി) |
| 3-5 | 495876 | മുസ്തഫ എ വി ( സെക്രട്ടറി) |
| 3-6 | 700000 | ഗോപിനാഥൻ കെ ടി<br>(ഹെഡ്മാസ്റ്റർ) |
| 3-11 | 199918 | അനിൽ കുമാർ കെ എം<br>(ഫിഷറീസ് സബ് ഇൻസ്പെക്ടർ) |
| 3-12 | 135373 | ഡോ. പി സുരേഷ് ബാബു<br>(മെഡിക്കൽ ഓഫീസർ , പി എച്ച് സി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90, 90-91 | എൽ.എഫ്.കെ.കെ.ഡി/പി 5/559/10 തീയതി 15.07.2010 | 7 |
| 1991-92 | എൽ.എഫ്.കെ.കെ.ഡി/പി 5/560/10 | 8 |

| | | |
|---|---|---|
| 1992-93,93-94 | എൽ.എഫ്.കെ.കെ.ഡി/എസ്2/ 1227/94 തീയതി 27.04.1995 | 7 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി/പി 5/144/96 തീയതി 02.01.1997 | 2 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി 5/1170(3) /13തീയതി 23.08.2013 | 4 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി 5/1170(6) /13തീയതി 23.08.2013 | 6 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി 5/1170(8) /13തീയതി 23.08.2013 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി 5/1170(9) /13തീയതി 23.08.2013 | 1 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി 5/1170(10) /13തീയതി 23.08.2013 | 13 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/എസ്1 /1214/08 തീയതി 30.04.2009 | 13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/എസ്1 /1225/08 തീയതി 30.04.2009 | 9 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/എസ്1/706/09 തീയതി 22.01.2010 | 15 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി 5/1195/11 തീയതി 12.10.2011 | 22 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി 5/781/12 തീയതി 12.06.2012 | 8 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി 5/782/12 തീയതി 12.06.2012 | 14 |
| 2010-11,2011-12 | എൽ.എഫ്.കെ.കെ.ഡി/പി 5/895/14 തീയതി 06.08.2014 | 20 |
| 2012-13,13-14 | കെ.എസ്.എ.കെ.കെ.ഡി/പി 5/858/15 തീയതി 03.08.2015 | 21 |
| 2014-15 | നം.കെ.എസ്.എ/കെ.കെ.ഡി/പി 6 /991 /2016 | 11 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി6/97/2017 | 29 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി.6/1634/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി:11-8-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചോറോട് ഗ്രമ പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P6/1634/17

Kerala State Audit Department

District Audit Office, Kozhikode

Phone - 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated:11-8-2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of chorode grama Panchayat for the year ended on 2016-17 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala

Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of chorode grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.